# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : **4315.** 19..10..2011-ൽ മറുപടിക്ക്

## ക്വാളിറ്റി ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. ശിവദാസൻ നായർ** | **ശ്രീ. കെ.സി. ജോസഫ്,<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞതും രാസപദാർത്ഥങ്ങൾ അടങ്ങിയതും മായം ചേർത്തതുമായ പാൽ വിൽപ്പന നടത്തുന്ന ഡയറികൾക്കെതിരെ കർശന നടപടി എടുക്കുമോ; | (എ) ഫുഡ് സേഫ്റ്റി ആക്ട് നിലവിൽ വന്ന സാഹചര്യത്തിൽ ഫുഡ് സേഫ്റ്റി കമ്മിഷണറുടെ അനുമതിയോടെ പാൽ പരിശോധനയും തുടർ നടപടികളും സ്വീകരിക്കുന്നതാണ്. |
| (ബി) കേരളത്തിനുപുറത്ത് നിന്നും വരുന്ന പാൽ ചെക്ക് പോസ്റ്റുകളിൽ മറ്റ് വകുപ്പുകളുമായി ചേർന്ന് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;<br><br>(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) & (സി) കേരളത്തിനു പുറത്ത് നിന്നും ഓണക്കാലത്ത് വരുന്ന പാൽ പരിശോധിക്കുവാൻ, കഴിഞ്ഞ അഞ്ച് വർഷങ്ങളായി ക്ഷീരവികസന വകുപ്പ് താത്ക്കാലിക ലബോറട്ടറികൾ സ്ഥാപിച്ച് പാൽ ഗുണനിലവാര പരിശോധന നടത്തി തുടർ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഫുഡ് സേഫ്റ്റി ആക്ട് നിലവിൽ വന്ന സാഹചര്യത്തിൽ ഫുഡ് സേഫ്റ്റി കമ്മിഷന്റെ അനുവാദത്തോടെ 2011 ഓണക്കാലത്ത് വകുപ്പ് ഫുഡ് സേഫ്റ്റി കമ്മിഷണറുമായി സംയുക്തമായ പാൽ ഗുണനിലവാര പരിശോധന നടത്തി. കൂടാതെ, ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും ഉദ്ദേശ്യമുണ്ട്. |
| (ഡി) ജില്ലാ ആസ്ഥാനങ്ങളിൽ ഗുണനിലവാര പരിശോധനയ്ക്ക് ഉള്ള ക്വാളിറ്റി ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമോ? | (ഡി) ക്ഷീരവികസന വകുപ്പിൽ ജില്ലാതലത്തിൽ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പ്രവർത്തിക്കുന്നു. അവരുടെ നേതൃത്വത്തിൽ ഓണക്കാലത്ത് ക്വാളിറ്റി ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ, കർഷകതലത്തിലും പ്രാഥമിക ക്ഷീരസംഘം തലത്തിലും പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിന്റെയും ഫുഡ് സേഫ്റ്റി കമ്മിഷന്റെയും അനുമതിയോടുകൂടി ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**

൪